**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **10-10-2024 - ൽ മറുപടിയ്ക്ക്**

**പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭരണാനുമതി ലഭിച്ച കായംകുളം മണ്ഡലത്തിലെ കരിപ്പുഴ കനാലിന് കുറുകെയുള്ള കനീസാകടവ്, കോയിക്കൽ പടിക്കൽ, മാർക്കറി എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് ഉൾനാടൻ ജലഗതാഗത അതോറിറ്റി കൊടുത്തിട്ടുള്ള നിരാക്ഷേപ പത്രത്തിൽ വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് നൽകി പാലങ്ങൾ നിർമ്മാണം നടത്തുന്നത് ഈ മൂന്ന് പാലങ്ങളുടെയും കാര്യത്തിൽ പ്രായോഗികമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ കനാലിന് കുറുകെയുള്ള മറ്റ് പാലങ്ങൾക്ക് 2 മീറ്ററിൽ താഴെ മാത്രം ജലനിരപ്പിൽ നിന്ന് ഉയരമുള്ളതുകൊണ്ട് നിലവിൽ ജലഗതാഗത യോഗ്യമല്ലാത്ത സാഹചര്യം നിലനില്ക്കെ പുതിയതായി ഭരണാനുമതി ലഭിച്ച പാലങ്ങൾ വേലിയേറ്റ നിരപ്പിൽ നിന്നും 3 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എ) | കരിപ്പുഴ കനാലിനു കുറുകെയുള്ള പാലങ്ങൾമൂലം നിലവിൽ ജലഗതാഗത യോഗ്യമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ വേലിയേറ്റ നിരപ്പിൽ നിന്നും 3 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്നതിന് NOC നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉൾനാടൻ ജലഗതാഗത അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നുവെങ്കിലും വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്നതിനുള്ള NOC ആണ് ലഭ്യമായിട്ടുള്ളത്. ഇപ്രകാരം പാലം നിർമ്മിക്കുന്നതിന് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടിവരുന്നതിനാലും കൂടുതൽ സാമ്പത്തിക ബാധ്യത വരുന്നതിനാലും നിലവിലെ ഭൂപ്രകൃതി അനുസരിച്ച് 5 മീറ്റർ ഉയരത്തിൽ പാലം നിർമ്മിക്കുന്നത് പ്രായോഗികമല്ല. അതിനാൽ വേലിയേറ്റ നിരപ്പിൽ നിന്നും 3 മീറ്റർ ഉയരത്തിൽ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവ് ലഭ്യമായാൽ മാത്രമേ പാലം നിർമ്മാണത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള ശ്രമങ്ങൾ വകുപ്പുതലത്തിൽ തുടരുകയാണ് |

സെക്ഷൻ ഓഫീസർ